(എ) കണ്ണൂർ ജില്ലയിലെ മാങ്ങാട്ട് പറമ്പിൽ നിർമ്മാണം ആരംഭിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം കരാറുകാരായ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാറുകാരെ ഒഴിവാക്കി റീ-ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് ഫൈനൽ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങാത്ത പക്ഷം കരാർ റദ്ദ് ചെയ്ത് വീണ്ടും ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കാലിക്കടവിലെ വിശ്രമ മന്ദിര നിർമ്മാണം

121 [434] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കാലിക്കടവിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമമന്ദിരത്തിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും, ഇതേവരെ പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന്, അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി നടത്തേണ്ട സ്ഥലത്തിനടുത്തുള്ള ഒരു സ്വകാര്യ വ്യക്തി, പ്രവൃത്തിക്കെതിരെ കോടതിയിൽനിന്നു സ്റ്റേ വാങ്ങിയത് ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കെതിരെ ഒരു സ്വകാര്യ വ്യക്തി ഫയൽ ചെയ്ത അന്യായത്തിന്മേൽ ഹോസ്ദുർഗ് മുൻസിഫ് കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട്. അതിൻപ്രകാരം തുടർനിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫോൺ അനുവദിക്കാൻ നടപടി

122 [435] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഫോൺ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിൽ ഇപ്പോൾ ഫോൺ നിലവിലുണ്ട്;

(സി) രണ്ടോ, മൂന്നോ അസംബ്ലി മണ്ഡലങ്ങളുടെ പ്രവൃത്തി നിയന്ത്രിക്കുന്ന ഓഫീസിൽ ഫോൺ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) ഫോൺ നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസുകൾ ചുവടെ ചേർക്കുന്നു:

1. എൻ.എച്ച്. സബ് ഡിവിഷൻ, തിരുവനന്തപുരം
2. എൻ.എച്ച്. ബൈപാസ് സബ് ഡിവിഷൻ, തിരുവനന്തപുരം
3. എൻ.എച്ച്. സബ് ഡിവിഷൻ, കണ്ണൂർ
4. റോഡ്സ് സബ് ഡിവിഷൻ, ഇരിങ്ങാലക്കുട
5. റോഡ്സ് സബ് ഡിവിഷൻ, തൊടുപുഴ
6. റോഡ്സ് സബ് ഡിവിഷൻ, മൂന്നാർ
7. റോഡ്സ് സബ് ഡിവിഷൻ, നെടുങ്കണ്ടം
8. റോഡ്സ് സബ് ഡിവിഷൻ, പീരുമേട്
9. റോഡ്സ് സബ് ഡിവിഷൻ, തലശ്ശേരി
10. റോഡ്സ് സബ് ഡിവിഷൻ, കൽപ്പറ്റ
11. സിറ്റി റോഡ്സ് സബ് ഡിവിഷൻ, തിരുവനന്തപുരം
12. റോഡ്സ് സബ് ഡിവിഷൻ, ആറ്റിങ്ങൽ
13. റോഡ്സ് സബ് ഡിവിഷൻ, നെടുമങ്ങാട്
14. ബിൽഡിംഗ്സ് സബ് ഡിവിഷൻ, തിരുവനന്തപുരം
15. മെഡിക്കൽ കോളേജ് സബ് ഡിവിഷൻ, തിരുവനന്തപുരം
16. ബിൽഡിംഗ്സ് സബ് ഡിവിഷൻ, ആറ്റിങ്ങൽ
17. സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ, ആലപ്പുഴ
18. ബിൽഡിംഗ്സ് സബ് ഡിവിഷൻ, ആലപ്പുഴ
19. ബിൽഡിംഗ്സ് സബ് ഡിവിഷൻ, കണ്ണൂർ
20. ബിൽഡിംഗ്സ് സബ് ഡിവിഷൻ, തിരുവനന്തപുരം
21. ബിൽഡിംഗ്സ് ഡിവിഷൻ, മട്ടാഞ്ചേരി
22. ബിൽഡിംഗ്സ് സബ് ഡിവിഷൻ, കൊല്ലം
23. ബിൽഡിംഗ്സ് സബ് ഡിവിഷൻ, കോട്ടയം
24. സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ, കോട്ടയം
25. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോട്ടയം
26. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

27. ബിൽഡിംഗ്സ് സബ് ഡിവിഷൻ, മഞ്ചേരി
28. റോഡ്സ് സബ് ഡിവിഷൻ, മഞ്ചേരി
29. റോഡ്സ് സബ് ഡിവിഷൻ, മലപ്പുറം
30. റോഡ്സ് സബ് ഡിവിഷൻ, കൊണ്ടോട്ടി
31. ബിൽഡിംഗ്സ് സബ് ഡിവിഷൻ, മാവേലിക്കര
32. റോഡ്സ് സബ് ഡിവിഷൻ, പീരുമേട്
33. റോഡ്സ് സബ് ഡിവിഷൻ, നെയ്യാറ്റിൻകര
34. റോഡ്സ് സബ് ഡിവിഷൻ, പാലാ

(സി) പരിഗണിക്കുന്നതാണ്.

പീരുമേട് താലൂക്കിലെ വികസനപ്രവർത്തനങ്ങൾ

123 [436] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് പീരുമേട് താലൂക്കിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പൂർത്തിയാക്കിയവ ഏതെല്ലാം എന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവർത്തികൾ ഏതെല്ലാമെന്നും അവ ഏതെല്ലാം ഘട്ടത്തിലെത്തിയെന്നും വെളിപ്പെടുത്താമോ;

(ഡി) ഇനി നടപ്പിലാക്കാനായി അയച്ചിട്ടുള്ള പ്രൊപ്പോസലുകൾ ഏതെല്ലാം എന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും ഇനം തിരിച്ച് വിശദീകരിക്കുമോ;

(ഇ) ഓരോന്നിനും ചെലവഴിച്ച തുകയും നീക്കിവച്ച തുകയും എത്ര വീതമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീരുമേട് താലൂക്കിൽ താഴെ പറയുന്ന 6 റോഡുകളുടെ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തത്.

1. എലപ്പാറ വാഗമൺ റോഡ്
2. കുമളി ആലടി റോഡ്
3. കല്ലാർ ഗ്രാമ്പി റോഡ്
4. മുണ്ടക്കയം കൂട്ടാലുവേങ്ങ മുറിഞ്ഞപുഴ റോഡ്
5. ചെറുവള്ളിക്കുളം കണയങ്ക വയൽ കോയിനാട് റോഡ്
6. അട്ടപ്പള്ളം ആനവിലാസം റോഡ്

LIBRARY ARCHIVES Kerala Legislative Assembly